ഭരണഭാഷ - മാതൃഭാഷ

NO TO DRUGS

നം: **DGE/9368/2025-H2**

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി : **17-06-2026**
ഇ-മെയിൽ : **supdth.dge@kerala.gov.in**

പ്രേഷകൻ

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം

സ്വീകർത്താവ്

1. എല്ലാ വിദ്യാഭ്യാസ ഉപഡയറ്കടർമാർക്കും
2. എല്ലാ ജില്ലാ / ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
3. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ,കൈറ്റ്
4. എല്ലാ ഗവ / എയ്ഡഡ് സ്കൂൾ പ്രഥമാധ്യാപകർക്കും

(ജില്ലാ / ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖേന)

സർ,

വിഷയം :-പൊതുവിദ്യാഭ്യാസം- **2026-27** വർഷത്തെ തസ്തിക നിർണയം പൂർത്തിയാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നത് - സംബന്ധിച്ച്

സൂചന :-
1. **15.06.2026** ലെ സ.ഉ(സാധാ) നം .**3960/2026/GEdn**
2. **24/05/2025** ലെ സ.ഉ (കൈ) **92/2025/GEdn**
3. **09.06.2025** ലെ **DGE/9368/2025-H2** നമ്പർ സർക്കുലർ
4. **01.06.2026** ലെ **DGE/9368/2025-H2** നമ്പർ സർക്കുലർ
5. **30.05.2024** ലെ **NEP2/6440/2024/DGE** നമ്പർ സർക്കുലർ
6. **11.07.2025** ലെ **DGE/12152/2025-S2(A)** നമ്പർ സർക്കുലർ
7. **04.06.2026** ലെ കൈറ്റ്/**2026/1421(10)** നമ്പർ സർക്കുലർ

**15.06.2026** ലെ സ.ഉ(സാധാ) നം .**3960/2026/GEdn** പ്രകാരം താഴെ പറയുന്ന നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട് .

1. **2026 -27** അധ്യയന വർഷത്തെ ആറാം പ്രവൃത്തി ദിനത്തിൽ റോളിൽ ഉൾപ്പെട്ടിട്ടുള്ള ഇൻവാലിഡ് **UID** ഉള്ള കുട്ടികളുടെ യു.ഐ.ഡി -കൾ വാലിഡ് ആക്കി സമന്വയയിൽ സിങ്ക് ചെയ്യുന്നതിനുള്ള സമയപരിധി **2026** ജൂൺ **25** വരെ ദീർഘിപ്പിച്ച് നൽകുന്നു .
2. **2026 -27** അധ്യയന വർഷത്തിൽ ആറാം പ്രവൃത്തി ദിനത്തിൽ റോളിൽ ഉൾപ്പെട്ടിട്ടുള്ളതും എന്നാൽ **UID** -ക്ക് അപേക്ഷിച്ചിട്ട് ലഭിക്കാതിരിക്കുകയും

**EID** നമ്പർ മാത്രം ലഭ്യമായിട്ടുള്ളതുമായ കുട്ടികൾക്ക് **UID** ഹാജരാക്കാൻ **14.07.2026** വരെ സമയം ദീർഘിപ്പിച്ച് നൽകുന്നു.

പ്രസ്തുത സാഹചര്യത്തിൽ **2026-27** വർഷത്തെ തസ്തിക നിർണയം സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും , എല്ലാ ഗവ. / എയ്ഡഡ് പ്രഥമാധ്യാപകർക്കും നൽകുന്നു :

**1.** സൂചന **(2)** , **(3)** പ്രകാരം **2025-26** വർഷത്തിലും തുടർന്നുള്ള വർഷങ്ങളിലും തസ്തിക നിർണയം നടത്തുന്നതിന് വിശദമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

**2.** സമന്വയ സെർവറിൽ അനുഭവപ്പെട്ടേക്കാവുന്ന ലോഡ് ലഘൂകരിക്കുന്നതിനായി താഴെ പറയുന്ന തീയതികളിൽ തന്നെ അതതു ജില്ലകളിലെ പ്രഥമാധ്യാപകർ തസ്തിക നിർണയ പ്രൊപ്പോസലുകൾ സമന്വയയിൽ **Confirm** ചെയ്യേണ്ടതാണ് .

**18.06.2026** - മലപ്പുറം , പത്തനംതിട്ട , ആലപ്പുഴ ജില്ലകൾ

**19.06.2026** - കോഴിക്കോട് , കണ്ണൂർ ജില്ലകൾ

**20.06.2026** - പാലക്കാട് , വയനാട്, തിരുവനന്തപുരം ജില്ലകൾ

**22.06.2026** - കാസർഗോഡ് , കോട്ടയം , തൃശൂർ ജില്ലകൾ

**23.06.2026** - എറണാകുളം , ഇടുക്കി , കൊല്ലം ജില്ലകൾ

**24.06.2026** - മേൽപ്രകാരമുള്ള ദിവസങ്ങളിൽ എന്തെങ്കിലും കാരണവശാൽ തസ്തിക നിർണയ പ്രൊപ്പോസലുകൾ **confirm** ചെയ്യാൻ കഴിയാതിരുന്ന സ്കൂളുകൾ

**3. 17.06.2026** നു തന്നെ സമ്പൂർണയിലെ ആറാം പ്രവൃത്തിദിന കണക്കുകൾ സമന്വയയിലേക്ക് കൈറ്റ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സിങ്ക് ചെയ്യേണ്ടതാണ് . **15.06.2026** ലെ സ.ഉ(സാധാ)നം.**3960/2026/GEdn** പ്രകാരം **2026 -27** അധ്യയന വർഷത്തെ ആറാം പ്രവൃത്തി ദിനത്തിൽ റോളിൽ ഉൾപ്പെട്ടിട്ടുള്ള ഇൻവാലിഡ് **UID** ഉള്ള കുട്ടികളുടെ യു.ഐ.ഡി -കൾ വാലിഡ് ആക്കി സമന്വയയിൽ സിങ്ക് ചെയ്യുന്നതിനുള്ള സമയപരിധി **2026** ജൂൺ **25** നു അവസാനിക്കുന്നു. ഇത്തരം **UID** കൾ വാലിഡ് ആക്കുന്നതിനു ആവശ്യമായ പ്രവർത്തനങ്ങൾ എല്ലാം ഹെഡ്മാസ്റ്റർമാരും കൈറ്റ് ഉദ്യോഗസ്ഥരും ചേർന്നു സൂചന **(4)** , **(5)**, **(6)**, **(7)** എന്നിവയിലെ നിർദ്ദേശങ്ങൾ പ്രകാരം സ്വീകരിക്കേണ്ടതാണ്.

**4. 2026 -27** അധ്യയന വർഷത്തിൽ ആറാം പ്രവൃത്തി ദിനത്തിൽ റോളിൽ

ഉൾപ്പെട്ടിട്ടുള്ളതും എന്നാൽ **UID** -ക്ക് അപേക്ഷിച്ചിട്ട് ലഭിക്കാതിരിക്കുകയും **EID** നമ്പർ മാത്രം ലഭ്യമായിട്ടുള്ളതുമായ കുട്ടികൾക്ക് **UID** ഹാജരാക്കാൻ **14.07.2026** വരെ സർക്കാർ സമയം ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. **UID** ലഭിക്കാത്ത കുട്ടികൾ ഉള്ള സ്കൂളുകളിലും , **UID** വാലിഡേറ്റ് ചെയ്യാൻ സമയം നീട്ടിയിട്ടുള്ള സ്കൂളുകളിലും ആറാം പ്രവൃത്തി ദിന കണക്കുകൾ പ്രകാരം അധിക തസ്തികൾ വരാൻ സാധ്യതയുണ്ടെങ്കിൽ ചട്ട പ്രകാരമുള്ള സ്കൂൾ സന്ദർശന നടപടികൾ ഇപ്പോൾ തന്നെ വിദ്യാഭ്യാസ ഓഫീസർമാർക്ക് പൂർത്തിയാക്കാവുന്നതാണ്. ഇതിനായി സമയം ദീർഘിപ്പിച്ച് നൽകിയിട്ടുള്ള തീയതി വരെ കാത്തിരിക്കേണ്ടതില്ല.

**6.** സർക്കാർ ഉത്തരവ് പ്രകാരം വാലിഡ് ആക്കുന്ന **UID**-കൾ **25.06.2026** നു മുൻപും , **UID** ഹാജരാക്കാൻ **14.07.2026** വരെ സമയം ദീർഘിപ്പിച്ച് നൽകിയിട്ടുള്ള കുട്ടികളുടെ **UID** -കൾ അന്നേ ദിവസവും സമന്വയയിലേക്ക് സിങ്ക് ചെയ്യേണ്ടതാണ്. ഇതിനാവശ്യമായ തുടർനടപടികൾ കൈറ്റ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സ്വീകരിക്കേണ്ടതാണ്.

**7.** തസ്തിക നിർണയ നടപടികൾ പൂർത്തിയായതിനു ശേഷം അധ്യാപക ബാങ്ക് പ്രസിദ്ധീകരിക്കാൻ വൈകുന്നത് പുനർവിന്യാസ നടപടികൾ വേഗത്തിലാക്കുന്നതിനു തടസം സൃഷ്ടിക്കുന്നു. ആയതിനാൽ **UID** ഹാജരാക്കാൻ **14.07.2026** വരെ സമയം ദീർഘിപ്പിച്ച് നൽകിയിട്ടുള്ള കുട്ടികൾ ഉള്ള സ്കൂളുകളിൽ ഒഴികെ മറ്റ് എല്ലാ സ്കൂളിലെയും സംരക്ഷണ അവകാശമുള്ള അധ്യാപകരെ അധ്യാപക ബാങ്കിൽ ഉൾപ്പെടുത്തുന്നതിനായി **14.07.2026** -നു വൈകിട്ട് **05.00** മണിക്ക് മുൻപ് തന്നെ എല്ലാ വിദ്യാഭ്യാസ ഓഫീസർമാരും സമന്വയ മുഖേന ലിസ്റ്റ് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നൽകേണ്ടതാണ്. **15.07.2026** നു തന്നെ എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും ഈ വർഷത്തെ അധ്യാപക ബാങ്ക് പ്രസിദ്ധീകരിക്കേണ്ടതാണ്. അധ്യാപക ബാങ്കിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാവർക്കും കാലതാമസം കൂടാതെ പുനർവിന്യാസം ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ എല്ലാ മാനേജർമാരും , വിദ്യാഭ്യാസ ഉപഡയറക്ടർമാരും സ്വീകരിക്കേണ്ടതാണ്

**7.** **UID** ഹാജരാക്കാൻ **14.07.2026** വരെ സമയം ദീർപ്പിച്ച് നൽകിയിട്ടുള്ള കുട്ടികൾ ഉള്ള സ്കൂളുകളിലും **14.07.2026** വരെ ലഭ്യമായ **UID** കൾ ഉൾപ്പെടുത്തി തസ്തിക നിർണയം നടത്തിയിട്ടും തസ്തികകൾ നഷ്ടപ്പെടുന്നുവെങ്കിൽ ടി തസ്തികളിൽ ജോലി ചെയുന്ന ജീവനക്കാർ **14.07.2026** തീയതിയിൽ തന്നെ റിട്രഞ്ച് ചെയ്യപ്പെടുന്നതാണ്. ഇവരിൽ സംരക്ഷണ അവകാശമുള്ള ജീവനക്കാരെ കാലതാമസം കൂടാതെ അധ്യാപക ബാങ്കിൽ ഉൾപ്പെടുത്തി സംരക്ഷണം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ വിദ്യാഭ്യാസ ഓഫീസർമാരും മാനേജർമാരും സ്വീകരിക്കേണ്ടതാണ്.

**8.** അധിക തസ്തിക പ്രൊപോസൽ , തസ്തിക നിർണയ ഫയൽ പരിശോധന

തുടങ്ങിയ നടപടികളിൽ **09.06.2025** തീയതിയിലെ സർക്കുലറിൽ നൽകിയ സമയക്രമം കർശനമായി പാലിക്കേണ്ടതാണ് .

**9.** ഏതെങ്കിലും ജില്ലയിലെ ഓഫീസുകളിലെ ജീവനക്കാർക്ക് സമന്വയ മുഖേന തസ്തിക നിർണയം നടത്തുന്നതിൽ പരിശീലനം ആവശ്യമാണെങ്കിൽ സമന്വയ ജില്ലാ നോഡൽ ഓഫീസർമാർ / ജില്ലയുടെ ചുമതലയുള്ള സ്റ്റേറ്റ് നോഡൽ ഓഫീസർമാർ ഓൺലൈനായി പരിശീലനം നൽകേണ്ടതാണ്. ഇതിനാവശ്യമായ ഏകോപനം വിദ്യാഭ്യാസ ഉപഡയറക്ടർമാർ സ്വീകരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

Digitally signed by
R S Shibu
Date: 17-06-2026
12:27:43

**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി**

പകർപ്പ് :

**1.** എല്ലാ മാനേജർമാർക്കും ( ജില്ലാ / ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖേന)

**2.** സമന്വയ ജില്ലാ / സംസ്ഥാന നോഡൽ ഓഫീസർമാർ

**3.** സൂപ്രണ്ട് , ആർ . എ സെക്ഷൻ